# വിജ്ഞാനത്തിന്റെ മൂന്ന് മുഖങ്ങൾ

ശൈഖ് സ്വാലിഹ് അസ്സുഹൈമി

അല്ലാഹുവിന് കീഴ്പ്പെടുന്ന ഒരുവനെ അല്ലാഹു ഉയർത്തുന്നതാണ്. അറിവുണ്ടെന്ന് വാദിക്കുന്ന പലരും ഒരുതരം വഞ്ചനയിലാണ് നിലകൊള്ളുന്നത്. അവരെ ആ അവസ്ഥയിലേക്ക് നയിച്ചതാകട്ടെ, ജ്ഞാനവൃദ്ധീഭാവം, അഹങ്കാരം, നാമമാത്രമായ അറിവ് എന്നിവയാണ്.

"ഒരു മനുഷ്യൻ വിജ്ഞാനം തേടുന്നിടത്തോളം അവൻ ജ്ഞാനിയായിരിക്കും. അറിവുള്ളനാണെന്ന് സ്വയം തോന്നിത്തുടങ്ങിയാൽ അവൻ മൂഢനായി." എന്ന് സലഫുകൾ പറഞ്ഞിട്ടുണ്ട്.

ആധുനികരും പൗരാണികരുമായ ബഹുമാന്യ ഇമാമുകളുടെ മൻഹജനുസരിച്ച്, മഹത്തായ സലഫീ പ്രബോധനത്തിലേർപ്പെട്ട മഹാപണ്ഡിതനായിരുന്ന, എൻെറ ഗുരുനാഥനായിരുന്ന ശൈഖ് ഹമ്മാദ്( رحمه الله ). അദ്ദേഹത്തിൽ നിന്നും ഒരുപാട് ഉപകാരപ്രദമായ വിജ്ഞാനങ്ങൾ കൈവശപ്പെടുത്താൻ എനിക്കായിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

"വിജ്ഞാനം മൂന്ന് തരമാണ്: 1. അഹങ്കാരത്തിലേക്ക് നയിക്കുന്ന ജ്ഞാനം. 2. ഭയഭക്തിയിലേക്ക് നയിക്കുന്ന ജ്ഞാനം. 3. വിനയത്തിലേക്ക് നയിക്കുന്ന ജ്ഞാനം."

**അഹങ്കാരത്തിലേക്ക് നയിക്കുന്ന ജ്ഞാനം:** അല്പജ്ഞാനികളായ ചിലരെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ജനങ്ങളുടെ മുമ്പാകെ ഗർവ്വ് നടിക്കുകയും, ദുർഗ്രഹമായ പദാവലികൾ കൊണ്ട് സ്വന്തം വാക്ചാതുരി പ്രകടിപ്പിക്കുകയും, ആളുകൾക്ക് പരിചിതമല്ലാത്ത കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയും, പണ്ഡിതൻമാരുടെ ഫത്വകൾക്കെതിരായി, സ്വന്തം ഫത്വകൾ ഇടംവലം നോക്കാതെ നൽകുകയും ചെയ്യുന്നവരാണ് അൽപജ്ഞാനികൾ. ഇവരുടേത് അഹങ്കാരത്തിലേക്ക് നയിക്കുന്ന ജ്ഞാനമാണ്. ഇത്തരക്കാരിൽ അൽപമാത്രമായ അറിവുണ്ടായിരിക്കാമെങ്കിലും, അവരിലെ അഹങ്കാരം, ഫലത്തിൽ അതിനെയും നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ജനങ്ങളിലെ മറ്റാരേക്കാളും മഹാനാണ് താൻ എന്ന അഹന്ത ആരിലുണ്ടോ അവൻ അല്ലാഹുവിനെ സൂക്ഷിക്കുകയും, ആപൽകരമായ ഒരവസ്ഥയിലാണ് താനകപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുകയും ചെയ്യട്ടെ. അതെ, അഹങ്കാരത്തിലേക്ക് നയിക്കുന്ന അറിവാണിത്. നിത്യേനയെന്നോണം ടി. വി. ചാനലുകളിൽ പ്രത്യക്ഷപ്പെടുന്ന പലരും ഈ ഗണത്തിൽ പെട്ടവരാണ്. ജനങ്ങളെ വഞ്ചിക്കുകയാണവർ. അതെ, ഈ ഗണത്തിൽ പെട്ടവർ തന്നെ.

**ഭക്തിയിലേക്ക് നയിക്കുന്ന ജ്ഞാനം:** കരസ്ഥമാക്കിയ വിജ്ഞാനത്തിനനുസരിച്ച് പ്രവർത്തിക്കാൻ ഒരാളെ പ്രേരിപ്പിക്കുന്ന അറിവാണിത്. വിജ്ഞാനം ലഭിക്കുന്തോറും അവയെ പരിശോധനക്ക് വിധേയമാക്കുകയും, അതിൻെറ സാധുതയെ സ്ഥിരീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുമവൻ. തുടർന്നും, റബ്ബാനിയ്യുകളായ പണ്ഡിതൻമാർക്ക് കീഴിലിരുന്ന് പഠിക്കുകയും, പഠിച്ചവ പ്രാവർത്തികമാക്കുകയും, ശേഷം അതിലേക്ക് ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഭക്തിയിലേക്ക് നയിക്കുന്ന ജ്ഞാനത്തിൻെറ ഗുണമാണിത്. അല്ലാഹു പറഞ്ഞു:

إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟

*അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസൻമാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു.*(ഫാത്വിർ 28)

**വിനയത്തിലേക്ക് നയിക്കുന്ന ജ്ഞാനം:** ഒരാൾ അല്ലാഹുവിനെ ഭയപ്പെടുന്നവനാണെങ്കിൽ, അതിൻെറ ഫലം എന്തായിരിക്കും? സംശയമില്ല, അവൻ അല്ലാഹുവിൻെറ അടിയാൻമാരോട് വിനയം കാണിക്കും. റസൂൽ(ﷺ) പറഞ്ഞു: "വല്ലവനും അല്ലാഹുവിന് വേണ്ടി താഴ്മ കാണിച്ചാൽ, അല്ലാഹു അവനെ ഉയർത്തും."

അതിനാൽ, വിദ്യാർത്ഥികളേ! മുസ്ലിംകളേ! നിങ്ങൾ അല്ലാഹുവിന് വേണ്ടി താഴ്മയുള്ളവരാകുക. നിശ്ചയമായും വിനയം ഒരു മുസ്ലിമിനെ ശുദ്ധഹൃദയനും, ഉദ്ദേശ്യശുദ്ധിയുള്ളവനും, വിജ്ഞാനത്തിൻെറ തെളിമയാർന്ന സ്രോതസ്സുമാക്കി മാറ്റും. സത്യം മനസ്സിലാക്കി അത് ജീവിതത്തിൽ പകർത്താനുള്ള വ്യഗ്രതയാൽ, അവൻ സദാ സത്യത്തെ അന്വേഷിച്ചു നടക്കുന്നവനായിത്തീരും. അല്ലാഹുവിനോടുള്ള ബാധ്യതാ നിർവഹണത്തിൽ തനിക്ക് വീഴ്ചകളുണ്ടെന്ന തോന്നൽ അവനെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കും. റബ്ബാനിയ്യുകളായ മറ്റു പണ്ഡിതൻമാരുമായി താരതമ്യപ്പെടുത്തുമ്പോൾ, വിജ്ഞാനത്തിൽ നിന്നും താനൊന്നും നേടിയിട്ടില്ലെന്ന് അവന് സ്വയം തോന്നും. അങ്ങനെ അവൻ വിനീതനാകുകയും സർവശക്തനായ അല്ലാഹുവിന് മുന്നിൽ കീഴൊതുങ്ങുകയും ചെയ്യും. ക്രമേണ, അല്ലാഹു അവന് വേണ്ടി നിശ്ചയിച്ച പദവിയേതോ, അതിലവൻ എത്തിച്ചേരുന്നതാണ്. പടച്ചവൻ അവന്ന് നിർണ്ണയിച്ചു നൽകിയ പരിധികളെ ലംഘിക്കാൻ അവൻ മുതിരുന്നതേയല്ല.

വിവ. മുഹമ്മദ് സിയാദ്

WWW.SALAFIVOICE.COM